(2) ലോക്കൗട്ടു ചെയ്തിരിക്കുന്ന ഭഗവതി ടെക്സ്റ്റൈൽ മിൽ തുറന്നു പ്രവർത്തിപ്പിക്കുന്നതുവരെ തൊഴിലാളികൾക്ക് ആശ്വാസം നൽകണമെന്ന ആവശ്യം

ശ്രീ. എ. കെ. ബാലൻ : സർ, പാലക്കാട് ജില്ലയിലെ പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികൾ മുഴുപട്ടിണിയിലാണ്. തൊഴിലാളികളുടെ കുട്ടികൾക്ക് സ്കൂളുകളിൽപ്പോലും പോകാൻ കഴിയുന്നില്ല. കഞ്ചിക്കോട് വ്യവസായ മേഖലയിലെ 33 വ്യവസായ സ്ഥാപനങ്ങൾക്കുപുറമെ ചിറ്റൂർ വണ്ണാമടയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ഭഗവതി ടെക്സ്റ്റൈൽ മില്ലും ലോക്കൗട്ടു ചെയ്തിരിക്കുകയാണ്. ഈ അസംബ്ലി നടക്കുന്നതിനിടയിലാണ് ലോക്കൗട്ട് നടന്നത്. ഈ സ്ഥാപനത്തിനു മുമ്പിൽ സംയുക്ത തൊഴിലാളികൾ കഴിഞ്ഞ ഒരാഴ്ചയായി ധർണ്ണയും സമരവും നടത്തി വരികയാണ്. 8000-ത്തോളം വരുന്ന തൊഴിലാളികളും അവരുടെ കുടുംബാംഗങ്ങളും മുഴു പട്ടിണിയിലേക്കു നീങ്ങിക്കൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഈ സ്ഥാപനം തുറക്കുന്നതുവരെ ആശ്വാസമെന്നുള്ള നിലയിൽ ഒരു മാസത്തിൽ ആയിരം രൂപയെങ്കിലും വച്ച് പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങളിൽ തൊഴിലെടുത്തുകൊണ്ടിരുന്ന തൊഴിലാളികൾക്കു കൊടുക്കണം. അവർക്ക് ഇതു വലിയൊരു ആശ്വാസമായിരിക്കും. ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ പ്രത്യേകമായി ഇടപെടണം. ഇതേ രൂപത്തിലുള്ള ഒരു സ്കീം വെസ്റ്റു ബംഗാളിലുമുണ്ട്. അസംബ്ലി തുടങ്ങിയതിനുശേഷമാണ് ഒരു സ്ഥാപനം കൂടി പൂട്ടിയത്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : സർ, ബഹുമാനപ്പെട്ട ബാലൻ ചൂണ്ടിക്കാണിച്ചതുപോലെ പാലക്കാട് മേഖലയിലെ ചില വ്യവസാ: സംരംഭങ്ങൾ പൂട്ടാനിടയായിട്ടുണ്ട്. ടെക്സ്റ്റൈൽ, പ്ലാന്റേഷൻ ഈ രണ്ടു മേഖലകളിലാണ് പ്രധാനമായും കൂടുതൽ സ്ഥാപനങ്ങൾ അടഞ്ഞു കിടക്കുന്നത്. അതിൽ ഇരുപതാളം സ്ഥാപനങ്ങൾ അടഞ്ഞു കിടക്കുന്നതിനാൽ ഏതാണ്ട് 1700 തൊഴിലാളികൾക്ക് ഇപ്പോൾ ജോലി നഷ്ടപ്പെട്ടിരിക്കുന്നു. പാലക്കാട് മേഖലയിലെ മാത്രം പ്രശ്നമല്ല. സംസ്ഥാനത്തൊട്ടാകെയുള്ള വ്യവസായ സ്ഥാപനങ്ങളുടെ സ്ഥിതിയാണിത്. ടെക്സ്റ്റൈൽ മില്ലുകളുടെ കാര്യത്തിൽ പൊതുവായ ഒരു പ്രശ്നമുണ്ട്. ഇലക്ട്രിസിറ്റി ചാർജ്ജിൽ വന്ന വർദ്ധനവ് അതിന്റെ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. അതുകൊണ്ട് അതു വയബിളായി നടത്തിക്കൊണ്ടുപോകാൻ കഴിയില്ലെന്നു പറഞ്ഞുകൊണ്ട് സ്വകാര്യ ടെക്സ്റ്റൈൽ മില്ലുകൾ അവയൊക്കെ ഉപേക്ഷിച്ചു പോകുന്ന ഒരു സാഹചര്യമാണുള്ളത്. അടഞ്ഞു കിടക്കുന്ന ഫാക്ടറികളിലെ തൊഴിലാളികൾക്ക് ഓണക്കാലത്ത് ആയിരം രൂപ വീതം കൊടുക്കുന്നുണ്ട്. അതും കഴിഞ്ഞ ഓണസീസൺ മുതൽ ഈ ഓണസീസൺ വരെ അടഞ്ഞു കിടക്കുന്ന ഫാക്ടറികളിലെ തൊഴിലാളികൾക്കു മാത്രമാണ് കൊടുക്കുന്നത്. ഈ പറഞ്ഞ ഫാക്ടറി കുറെ ദിവസങ്ങൾക്ക് മുമ്പുവരെ പ്രവർത്തിച്ചതാണ്. അതുകൊണ്ട് കൊടുക്കാൻ കഴിയില്ല. പൂട്ടിക്കിടക്കുന്ന വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികൾക്ക് മാസം തോറും ആയിരം രൂപ വീതം കൊടുക്കാൻ തുടങ്ങിയാൽ നമ്മുടെ സംസ്ഥാനത്തെ എല്ലാ വ്യവസായസ്ഥാപനങ്ങളും പൂട്ടപ്പെടും. അതു

LIBRARY ARCHIVES Kerala Legislative Assembly

മറ്റൊരു പ്രതിസന്ധിക്കു കാരണമാകും. ഗവൺമെന്റിന്റെ ഇപ്പോഴത്തെ സാമ്പത്തിക പരിമിതികളിൽ അതിനെക്കുറിച്ച് ആലോചിക്കാൻ കഴിയില്ല. അതു തുറന്നു പ്രവർത്തിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കാം. ശ്രീ. ബാലനടക്കമുള്ളവരുമായി ഒന്നുരണ്ടു ചർച്ചകൾ നടത്തി. Madras Spinners and Weavers വീണ്ടും വരുന്നുണ്ട്. അതു തുറന്നു പ്രവർത്തിപ്പിക്കാനുള്ള സാഹചര്യം ഒരുക്കാമെന്നാണ് എനിക്കു പറയാനുള്ളത്.

(3) കല്ലൂർകാട് പഞ്ചായത്തിൽ അനുവദിച്ച ഫയർ സ്റ്റേഷന്റെ പ്രവർത്തനം

ശ്രീ. ജോണി നെല്ലൂർ : സർ, എന്റെ നിയോജകമണ്ഡലത്തിലെ കല്ലൂർകാട് ആസ്ഥാനമായി ഒരു ഫയർ സ്റ്റേഷൻ അനുവദിച്ചിട്ട് ഏതാണ്ട് 3 വർഷമായി. പഞ്ചായത്ത് അതിനാവശ്യമായ കെട്ടിടവും മറ്റു സൗകര്യങ്ങളും ഒക്കെയുണ്ടാക്കുകയും ചെയ്തു. പക്ഷേ നാളിതുവരെ അതിന്റെ പ്രവർത്തനം തുടങ്ങിയിട്ടില്ല. അടിയന്തരമായി അതിന്റെ പ്രവർത്തനം തുടങ്ങുവാൻ ആവശ്യമായ നിർദ്ദേശം നൽകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) : സർ, ബഹുമാനപ്പെട്ട മെമ്പറുടെ നിയോജകമണ്ഡലത്തിൽപ്പെട്ട കല്ലൂർകാട് ആസ്ഥാനത്ത് ഒരു ഫയർ സ്റ്റേഷൻ തുടങ്ങുന്നതിനു രണ്ടായിരാമാണ്ടിലെ മുൻഗണനാ ലിസ്റ്റിൽ പേര് ഉണ്ടായിരുന്നു. ഇപ്പോൾ ആ ലിസ്റ്റൊക്കെ കാലഹരണപ്പെട്ടു കഴിഞ്ഞു. പുതിയ ലിസ്റ്റ് തയ്യാറാക്കിത്തരാൻ ഡയറക്ടറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. തീർച്ചയായും ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ കാര്യവും അക്കൂട്ടത്തിൽ പരിഗണിക്കുവാൻ നിർദ്ദേശം കൊടുക്കുന്നതാണ്.

(4) പ്ലാച്ചിമടയിലെ കൊക്കകോള കമ്പനി പുറന്തള്ളുന്ന മാലിന്യങ്ങൾ മൂലമുള്ള ബുദ്ധിമുട്ടുകൾ

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, പാലക്കാട്, ചിറ്റൂർ താലൂക്കിലെ പ്ലാച്ചിമട കൊക്കകോള കമ്പനി അടച്ചു പൂട്ടുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് എനിക്കു ആവശ്യപ്പെടാനുള്ളത്. കമ്പനി പ്രവർത്തനം ആരംഭിച്ചപ്പോൾ മുതൽ ഈ പ്രദേശത്തെ ജനങ്ങൾ കുടിവെള്ളക്ഷാമം രൂക്ഷമായതിന്റെ പേരിൽ സമരം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇപ്പോൾ പുറത്തു വന്നിരിക്കുന്ന വിവരങ്ങൾ മനുഷ്യ മനസാക്ഷിയെ ഞെട്ടിപ്പിക്കുന്നതാണ്. കമ്പനി പുറത്തു വിടുന്ന ഖര മാലിന്യങ്ങൾ ആയ കാഡ്മിയവും കറുത്തീയവും ക്യാൻസർ, കുട്ടികളിൽ ബുദ്ധിമാന്ദ്യം, ഗർഭഛിദ്രം എന്നിവയ്ക്ക് ഇടയാക്കുമെന്നാണ് വ്യക്തമാക്കപ്പെട്ടിരിക്കുന്നത്. കോള വളം എന്ന പേരിലാണ് ചിറ്റൂർ താലൂക്കിൽ ആകെ ഈ സാധനം വിതരണം ചെയ്തിട്ടുള്ളത്. ഈ പ്രദേശത്തെ കിണർ വെള്ളത്തിൽ ക്ലോറൈഡിന്റെ അളവ് സാധാരണ ഗതിയിൽ 10 മൈക്രോഗ്രാം വരെയാകാമെന്നുള്ളത് ഇപ്പോൾ 65 മൈക്രോഗ്രാം വരെ ആയിരിക്കുകയാണ്. വെള്ളത്തിന്റെ ക്ഷാരത കൂടുതലാണ്. ഈ വെള്ളം ഉപയോഗിച്ചാണ് ഇപ്പോൾ കോള ഉല്പന്നങ്ങളും, മിനറൽവാട്ടറും കമ്പനി ഉല്പാദിപ്പിക്കുന്നത്. ഇതു കുടിക്കുന്നതു തന്നെ അപകടകരമാണ്. ഇപ്പോൾ വിവാദം ഉയർന്നു വന്നതിനുശേഷം മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഉദ്യോഗസ്ഥന്മാർ കമ്പനിയിൽ ചെന്ന് അവർ കൊടുത്ത സാമ്പിൾ

LIBRARY ARCHIVES Kerala Legislative Assembly